ഖുത്ബ
04.03.2005
ബയ്ത്തുൽ ഫുതൂഹ്
ലണ്ടൻ

بسم الله الرحمن الرحيم

# നബി (സ)ന് വിശുദ്ധഖുർആനോടുള്ള മുഹബ്ബത്.

رَسُولٌ مِّنَ اللَّهِ يَتْلُو صُحُفًا مُّطَهَّرَةً ﴿٢﴾ فِيهَا كُتُبٌ قَيِّمَةٌ ﴿٣﴾

**അ**ല്ലാഹുവിന്റെ റസൂൽ പവിത്രമായ ഏടുകൾ വായിച്ചു കേൾപിക്കുന്നു. അതിൽ നിലനില്ക്കുന്നതും നിലനിറുത്തുന്നതുമായ മതവിധികളുണ്ട്. (98:3,4)

വിശുദ്ധഖുർആൻ നബി(സ) തിരുമേനിയിൽ ഇറങ്ങി. ഇതു പരിശുദ്ധമാണെന്നും, എല്ലാവിധസംശയങ്ങളിൽനിന്നും പവിത്രമാണെന്നും അല്ലാഹു സാക്ഷ്യം വഹിക്കുന്നു. പവിത്രമാണെന്നു മാത്രമല്ല എല്ലാ തരത്തിലുള്ള മനോഹരവും സുന്ദരവുമായ അധ്യാപനങ്ങളും ഇതിലുണ്ട്. അതിനു കിടപിടിക്കാൻ മറ്റൊന്നില്ല. മുമ്പേ ഇറങ്ങിയ ഗ്രന്ഥങ്ങളിൽ കുറവുണ്ടായിരുന്ന എല്ലാ നന്മകളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എല്ലാ വിധ ന്യൂനതകളിൽനിന്നും കുറവുകളിൽനിന്നും പരിശുദ്ധമായ അധ്യാപനങ്ങളടങ്ങിയ ഗ്രന്ഥം ഇപ്പോൾ ഇതൊന്നു മാത്രമാണ്. എന്നല്ല, ഈ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് എല്ലാ തിന്മകളിൽനിന്നും രക്ഷപ്പെടാൻ സാധിക്കുന്നതാണ്. രക്ഷപ്പെടാൻ സാധിക്കുമെന്ന് മാത്രമല്ല, ഈ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുകയും ഇത് നടപ്പിൽ വരുത്തുകയും ചെയ്യുന്നതുകൊണ്ടുമാത്രമെ, നമ്മുടെയും ലോകത്തിന്റെയും പരിഷ്ക്കരണം സാധ്യമാകുകയുള്ളു. അതായത് നബി(സ)യുടെമേലിറങ്ങിയ ഈ അധ്യാപനമാണ, ലോകത്തിന്റെ പരിഷ്ക്കരണത്തിനും ലോകത്ത് നന്മകൾ നടപ്പിൽ വരുത്തുന്നതിനും, ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനും, ആരാധകരെ ലോകത്തു സൃഷ്ടിക്കുന്നതിനും, ലോകത്തുള്ള ഓരോ വിഭാഗമാളുകളുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഇപ്പോൾ ഈടായി നില്ക്കുന്നത്. ഹസ്റത്ത് മുഹമ്മദു റസൂലുല്ലാഹി (സ)യുടെമേൽ പരിപൂർണ്ണവും തികവുറ്റതുമായ ഈ അധ്യാപനം ഇറങ്ങി. അദ്ദേഹം ഖാത്തമുന്നബിയ്യീൻ എന്ന് വിളിക്കപ്പെട്ടു. ആ മഹാത്മാവിനുശേഷം പുതിയൊരു ശരീഅത്ത് അഥവാ ന്യായപ്രമാണം വരാനൊട്ട് സാധ്യതയുമില്ല. അല്ലാഹു അതു പറയുകയും ചെയ്തു. നബി(സ) സ്വയം എത്രമാത്രം ഈ അധ്യാപനമനുസരിച്ച് ജീവിച്ചുവെന്നത് മനുഷ്യന്റെ ഭാവനക്കതീതമാണ്. കാരണം നബി(സ) തന്നെയാണ് ഈ പരിശുദ്ധ ഗ്രന്ഥത്തെ മനസ്സിലാക്കിയത്. അല്ലാഹുവിന്റെ ഈ ഗ്രന്ഥത്തിന്റെ പരിപൂർണ്ണമായ ജ്ഞാനവും അറിവും ലഭിച്ചതും നബി(സ)യ്ക്കാണ്. നബി(സ)ന് തന്നെയാണ് തന്നിലിറങ്ങിയ അവസാന ന്യായപ്രമാണ ഗ്രന്ഥത്തിന്റെ താൽപര്യങ്ങളുടെയും അർത്ഥങ്ങളുടെയും വിവിധ വശങ്ങൾ മനസ്സിലാക്കുന്നതിനുള്ള അറിവു ലഭിച്ചത്. ഈ അവസാനത്തെ ഗ്രന്ഥത്തെ മനസ്സിലാക്കുകയും, മനസ്സിലാക്കുക മാത്രമല്ല പരിപൂർണ്ണമായും ഇറങ്ങിച്ചെന്ന് അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തത് ഖാത്തമുന്നബിയ്യീൻ (സ) തന്നെയായിരുന്നു. സ്വയം പ്രവർത്തിക്കുക മാത്രമല്ല തന്റെ അനുചരന്മാരേയും അതിൽ ബോധവാന്മാരാക്കി. അതുമുഖേന അവരതിനെ മനസ്സിലാക്കി പാരായണം ചെയ്യുകയും അതനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കുകയും ചെയ്തിരുന്നു.

അവസാനമായിറങ്ങിയ ഈ ഗ്രന്ഥത്തെ പാരായണം ചെയ്തതിനുശേഷം മറ്റൊരു ശരീഅത്ത് അല്ലെങ്കിൽ ഗ്രന്ഥത്തിൽനിന്ന് നിർദ്ദേശം സ്വീകരിക്കേണ്ട ആവശ്യംതന്നെ ഉദിക്കുന്നില്ല. കാരണം മുമ്പേ കഴിഞ്ഞുകടന്നിട്ടുള്ളവരുടെ കാര്യങ്ങളും ഇതിൽ വന്നു കഴിഞ്ഞു. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

നബി(സ)നെക്കുറിച്ച് പറഞ്ഞിട്ടുള്ള ഖാത്തമുന്നബിയ്യീൻ എന്ന പദം സ്വയം വിളിച്ചോതുന്നതും പ്രകൃത്യാ ആ പദത്തിൽ നിക്ഷേപിച്ചിട്ടുള്ളതും നബി (സ) ന് ഇറങ്ങിയ ഗ്രന്ഥവും ഖാത്തമുൽ ഖുതുബ് അഥവാ ഗ്രന്ഥങ്ങളിൽ അവസാനത്തെ ഗ്രന്ഥം ആയിരിക്കണമെന്നാണ്. എല്ലാ തികവുകളും അതിലുണ്ടായിരിക്കുക എന്നാണ്. യഥാർത്ഥത്തിൽ ആ എല്ലാ തികവുകളും ഇതിലുണ്ട്. കാരണം, ദൈവിക ഗ്രന്ഥം ഇറങ്ങുന്നതിന്റെ പൊതുവെയുള്ള നിയമവും തത്വവുമെന്താണെന്നുവച്ചാൽ, എത്രത്തോളം **ഖുവ്വത്തെ ഖുദ്സി** അഥവാ ആത്മീയമായ ശക്തിയും ആഭ്യന്തരമായ തികവും അതിറങ്ങുന്ന ആളിനുണ്ടാകുമോ അത്രത്തോളം ശക്തിയും പ്രതാപവും ആ ഗ്രന്ഥത്തിനും ഉണ്ടായിരിക്കുക എന്നാണ്. നബി(സ)യുടെ ആത്മീയശക്തിയെക്കുറിച്ച് എല്ലാവർക്കുമറിയാം. അതായത് എങ്ങനെയാണ് അവിടന്ന് സ്വഹാബത്തിൽ പരിശുദ്ധ മാറ്റമുണ്ടാക്കിയത്? ഉറക്കമിളച്ച് വിനോദപരിപാടികൾ കണ്ടാസ്വദിക്കുന്നവരെ, ഉറക്കമിളച്ച് അല്ലാഹുവിന്റെ തിരുസന്നിധിയിൽ സുജൂദ് ചെയ്യുന്നവരാക്കിത്തീർത്തു. വെള്ളം കുടിക്കുന്നതുപോലെ മദ്യപാനം നടത്തിയവരെ, മദ്യപിക്കരുത് എന്ന കല്പന അറിഞ്ഞപ്പോൾ, ലഹരിയിലായിരുന്നിട്ടുപോലും കിട്ടിയ കല്പന ശരിയോ തെറ്റോ എന്ന് പരിശോധിക്കാൻ അവർ നിന്നില്ല. കേട്ടുടനെ കന്നാസുകൾ തല്ലിപ്പൊളിച്ചു. ഈ വിപ്ലവം ഉണ്ടാക്കിയത്

നബി(സ)യുടെ ആത്മീയശക്തിതന്നെയായിരുന്നു. ഒരു മനുഷ്യന്റെ ആത്മീയശക്തി എങ്ങനെയാണോ, അതുപോലുള്ള പ്രതാപവും ശക്തിയും അടങ്ങിയ ഗ്രന്ഥമായിരിക്കും അയാൾക്കിറങ്ങുന്നതെന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിരിക്കുന്നു. എന്നിട്ടു പറഞ്ഞു: നബി(സ)യുടെ ആത്മീയശക്തിയും ആഭ്യന്തരമായ തികവും അത്യുന്നത ദർജയിലുള്ളതായിരുന്നു. ഇതിനെക്കാൾ ഉന്നതിയിൽ ഒരു മനുഷ്യനും മുമ്പുണ്ടായിട്ടില്ല, ഇനിയൊട്ട് ഉണ്ടാകുകയുമില്ല. അതുകൊണ്ടാണ് വിശുദ്ധഖുർആൻ മുമ്പേയുള്ള എല്ലാ ഗ്രന്ഥങ്ങളെക്കാളും ഏടുകളെക്കാളും ഉത്തുംഗസ്ഥാനത്ത് നിലകൊള്ളുന്നത്. അതിന്റെ ഉത്തുംഗസ്ഥാനം വരെ മറ്റൊരു ഗ്രന്ഥങ്ങളും എത്തിയിട്ടില്ല. കാരണം നബി(സ)യുടെ വ്യക്തിത്വവും ആത്മീയശക്തിയും ഏറ്റവും ഉയർന്നിരുന്നു. എല്ലാ സ്ഥാനങ്ങളുടേയും പൂർത്തീകരണം നബി (സ)യിൽ അവസാനിച്ചുകഴിഞ്ഞിരുന്നു. അവിടന്ന് അത്യുന്നത സ്ഥാനംപ്രാപിച്ചിരുന്നു. ആ പരമമായ സ്ഥാനത്തു വെച്ചാണ് വിശുദ്ധഖുർആൻ നബി(സ)യിൽ ഇറങ്ങിയത്. അത് തികവുറ്റതായിത്തീർന്നിരിക്കുന്നു. നുബുവ്വത്തിന്റെ തികവ് നബി(സ)യിൽ അവസാനിച്ചതുപോലെ, ദൈവികഗ്രന്ഥത്തിനുള്ള അമാനുഷികതത്വത്തിന്റെ തികവ് വിശുദ്ധഖുർആനിൽ സമ്പൂർത്തീകരിക്കപ്പെട്ടു. നബി(സ) ഖാത്തമുന്നബിയ്യീനായി. അവിടത്തെ ഗ്രന്ഥം ഖാത്തമുൽ കുതുബായി. ദൈവിക ഗ്രന്ഥത്തിന് എത്രത്തോളം നിലകളും സ്ഥാനങ്ങളും ഉണ്ടാകാമോ അതിന്റെ എല്ലാം അടിസ്ഥാനത്തിൽ അവിടത്തെ ഗ്രന്ഥം പരമകാഷ്ഠയിലെത്തിനില്ക്കുന്നു. അതായത് സാഹിത്യസമ്പുഷ്ടിയുടെയും അർത്ഥ ഗാംഭീര്യത്തിന്റെയും അടിസ്ഥാനത്തിലായാലും, വിഷയങ്ങൾ പ്രതിപാദിക്കുന്ന അടിസ്ഥാനത്തിലായാലും, അതിന്റെ അധ്യാപനത്തിലായാലും, സമ്പൂർണ്ണ അറിവിന്റെ അടിസ്ഥാനത്തിലായാലും, അധ്യാപനങ്ങളുടെ ഫലങ്ങളുടെ അടിസ്ഥാനത്തിലായാലും, ഏതു വശത്തൂടെ നോക്കിയാലും ആ വശത്തുനിന്ന് വിശുദ്ധഖുർആന്റെ തികവ് കാണാൻ കഴിയുന്നതാണ്. അതിന്റെ അമാനുഷികത്വം സ്ഥാപിതമാകുന്നതാണ്. ഇക്കാരണത്താലാണ്, വിശുദ്ധഖുർആനിലെ ഏതെങ്കിലും കാര്യത്തിന് തുല്യമായ ഒന്നു കൊണ്ടുവരാൻ പ്രത്യേകമായിപ്പറയാതെ, ഏതുവശത്തൂടെ വേണമെങ്കിലും അതിനെ നേരിട്ടുകൊള്ളാൻ മൊത്തത്തിൽ എതിരാളികളോട് പറഞ്ഞത്. അത് സാഹിത്യസമ്പുഷ്ടിയുടേയും അർത്ഥഗാംഭീര്യത്തിന്റേയും അടിസ്ഥാനത്തിലായാലും, ഉദ്ദേശ്യലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിലായാലും അധ്യാപനങ്ങളുടെ അടിസ്ഥാനത്തിലായാലും, പ്രവചനങ്ങളുടെ അടിസ്ഥാനത്തിലായാലും ഏതു രീതിയിൽ നോക്കിയാലും അത് ദിവ്യാത്ഭുതമാണ്.

വിശുദ്ധ ഖുർആൻ പരിപൂർണ്ണമായ ദിവ്യാത്ഭുതമാണെന്ന് അവിടന്ന് പറഞ്ഞു. ദിവ്യാത്ഭുതമാണെന്നു മാത്രമല്ല, നബി(സ) അതിലെ ഓരോ കല്പനയും തന്റെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർത്തു. അതനുസരിച്ച് പ്രവർത്തിച്ച് കാണിച്ചു. ഞാനും ഒരു മനുഷ്യനാണെന്നും, അല്ലാഹു പ്രിയങ്കരനാക്കിയ മനുഷ്യനാണെന്നും, അവനിലേക്ക് സദാകുനിഞ്ഞകാരണത്താലാണ് പ്രിയങ്കരനാക്കിയതെന്നും, അതുകൊണ്ട് നിങ്ങളും ഈ പാഠങ്ങൾ അനുസരിച്ച് പ്രവർത്തിക്കണമെന്നും, എന്റെ സുന്നത്തിനെ പിൻപറ്റണമെന്നും ഓരോരുത്തരുടെയും കഴിവിന്നനുസരിച്ച് അല്ലാഹുവിന്റെ സാമിപ്യം പ്രാപിക്കാൻ ശ്രമിക്കണമെന്നും തന്നെവിശ്വസിക്കുന്നവർക്ക് പറഞ്ഞുകൊടുക്കുന്നതിനുവേണ്ടിയാണ് നബി(സ) ഇങ്ങനെ പ്രവർത്തിച്ചുകാണിച്ചത്. നബി(സ) വിശുദ്ധഖുർആന്റെ കല്പനകളനുസരിച്ച് എത്രത്തോളം ജീവിച്ചിരുന്നു എന്നതിനെക്കുറിച്ച് ഹസ്റത്ത് ആയിശ(റ)യുടെ വിഖ്യാതമായ നിവേദനം ഓരോരുത്തർക്കും അറിയാം. നബി(സ)യുടെ ഉദാത്തമായ സ്വഭാവത്തെ സംബന്ധിച്ച് ചോദിക്കപ്പെട്ടു. അപ്പോൾ ഹസ്റത്ത് ആയിശ(റ) പറഞ്ഞു: **ഫഇന്ന ഖുലിഖ നബിയില്ലാഹി(സ) കാനൽ ഖുർആൻ**. നിങ്ങൾ ഖുർആൻ പാരായണം ചെയ്യുന്നില്ലേ? നബി(സ)യുടെ മഹത്തായ ധാർമ്മികഗുണം ഖുർആൻതന്നെയായിരുന്നു. അതായത്, അല്ലാഹുവിനെ ആരാധിക്കുക എന്ന് വിശുദ്ധഖുർആനിൽ എഴുതീട്ടുള്ളതുപോലെ നബി(സ)ആരാധിച്ചു. സൃഷ്ടികളോടുള്ള കടമ നിറവേറ്റാൻ വിശുദ്ധഖുർആനിൽ എഴുതീട്ടുള്ളതുപോലെ നബി(സ) സൃഷ്ടികളോടുള്ള കടമ നിറവേറ്റി. എന്തെന്തെല്ലാം പ്രവർത്തിക്കാനാണോ വിശുദ്ധഖുർആൻ കല്പിച്ചിട്ടുള്ളത് അതെല്ലാം അനുസരിച്ച് നബി(സ) പൂർണ്ണമായും പ്രവർത്തിച്ചു. അതെല്ലാം നിർവഹിച്ചു. എന്തെന്തെല്ലാം ചെയ്യരുതെന്നാണോ വിശുദ്ധഖുർആൻ വിലക്കിയത് നബി(സ) അതെല്ലാം ഉപേക്ഷിച്ചു. വിശുദ്ധഖുർആൻ, നോമ്പുപിടിക്കാനും സക്കാത്ത് കൊടുക്കാനും കല്പിച്ചതുപോലെ അവിടന്ന് നോമ്പ് പിടിക്കുകയും ദാനധർമ്മങ്ങൾ ചെയ്യുകയും ചെയ്തു. സമൂഹത്തിലെ ജനങ്ങളോടു മൃദുവായി പെരുമാറാൻ വിശുദ്ധഖുർആൻ കല്പിച്ചു. നബി(സ) അതിനെ പരമമായ അവസ്ഥയിലെത്തിച്ചു. അതിന് വേറെങ്ങും ഉദാഹരണം കിട്ടുകയില്ല. തന്റെ ജീവശത്രുക്കൾക്ക് പോലും മാപ്പ് കൊടുത്തു. അല്ലാഹുതആല സമൂഹത്തിന്റെ സംസ്കരണത്തിനായി ബലം പ്രയോഗിക്കാൻ പറഞ്ഞിട്ടുണ്ടെങ്കിൽ അവിടന്ന് അതും അനുസരിക്കുകയും പിൻപറ്റുകയും ചെയ്തു. ഇങ്ങനെ നോക്കുമ്പോൾ, ഏതെതെല്ലാം കല്പനകളാണ് നബി(സ) നടപ്പിൽ വരുത്താതിരിക്കുകയും, അതിന്റെ ഉന്നതമായ നില സ്ഥാപിക്കാതിരിക്കുകയും ചെയ്തിട്ടുള്ളത്?.

ഹസ്റത്ത് മുസ്ലിഹ് മൗഊദ്(റ), നബി(സ)ഉം ഖുർആനും തമ്മിലുള്ള പരസ്പരബന്ധത്തെ വളരെ നല്ലനിലയിൽ ഉദാഹരിച്ചിട്ടുണ്ട്. ഖുർആനെ

കരീമും റസൂലെകരീമും(സ) ഒരു ചിപ്പിയിൽനിന്ന് പുറത്തുവന്ന രണ്ടു മുത്തുകളാണ്. ഖുർആനെ കരീമിന്റെ അധ്യാപനങ്ങളെ അറിയാനാഗ്രഹിക്കുന്നെങ്കിൽ നബി(സ)യുടെ ജീവിതത്തെ നോക്കുക. നബി(സ) യുടെ ജീവിതത്തെക്കുറിച്ചറിയാനാഗ്രഹിക്കുന്നെങ്കിൽ, അവിടന്ന് രാവിലെയും വൈകുന്നേരവും രാത്രിയും എങ്ങനെയാണ് ജീവിച്ചിരുന്നതെന്ന് നോക്കിക്കാണാനാഗ്രഹിക്കുന്നെങ്കിൽ വിശുദ്ധഖുർആന്റെ സകല കല്പനകളും വായിച്ചു നോക്കുക. അപ്പോൾ നബി(സ)യുടെ ജീവിതം നിങ്ങളുടെ മുമ്പിൽ വരും.

ഹസ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: അല്ലാഹുതആല നബി(സ)യെ ഹാദിയെ കാമിൽ അഥവാ സമ്പൂർണ്ണ മാർഗ്ഗദർശിയും ഖിയാമത്തു നാൾ വരെയുള്ള സകല ജനങ്ങൾക്കും വേണ്ടി നിയോഗിച്ചു. നബി(സ)യുടെ പരിശുദ്ധവും പവിത്രവുമായ ജീവിതത്തിന് ഇതിനെക്കാൾ വലിയതെളിവ് മറ്റെന്താണ് വേണ്ടത്. അവിടത്തെ ജീവിതത്തിലെ സകല സംഭവങ്ങളും പ്രവർത്തനപരമായ ഒരു അധ്യായനത്തിന്റെ സമുച്ചയമാണ്. വിശുദ്ധഖുർആൻ അല്ലാഹുവിന്റെ വാക്കുകൾ നിറഞ്ഞ ഗ്രന്ഥവും പ്രകൃതി നിയമങ്ങൾ അല്ലാഹുവിന്റെ കർമ്മപുസ്തകവും ആണെന്നതുപോലെ, നബി(സ)യുടെ ജീവിതവും ഒരു കർമ്മപുസ്തകമാണ്; അത് ഖുർആനിന്റെ വിശദീകരണവും വ്യാഖ്യാനവുമെന്നപോലെയാണ്.

നബി(സ)ന് വിശുദ്ധഖുർആനോടുള്ള പ്രേമവും സ്നേഹവും, അതിന്റെ കല്പനകളനുസരിച്ചുള്ള അവിടത്തെ കർമവും അല്ലാഹുവിനോടുള്ള ഭയവും എന്തായിരുന്നു. അവിടത്തെ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്ന രീതി എങ്ങനെയായിരുന്നു. ഇതിനുള്ള ചില ഉദാഹരണങ്ങൾ ഹദീസുകളിൽനിന്ന് സമർപ്പിക്കുകയാണ്.

ഹസ്റത്ത് അബ്ദുല്ലാഹിബ്നു സഹ്ൽ(റ) നിവേദനം ചെയ്യുന്നു. നബി(സ) മക്കയിൽ സുബ്ഹി നമസ്കരിപ്പിച്ചു. അവിടന്ന് മുഅ്മിനൂൻ എന്ന അധ്യായത്തോടെ ഖുർആൻ പാരായണം ചെയ്യാൻ തുടങ്ങി. അങ്ങനെ മൂസായേയും ഹാറൂനേയും(അ) കുറിച്ച് പ്രതിപാദിക്കുന്ന സ്ഥലമെത്തി. അല്ലാഹുവിനോടുള്ള കഠിനമായ ഭയംകൊണ്ട് നബി(സ) ചുമയ്ക്കുവാൻ തുടങ്ങി. അങ്ങനെ അവിടന്ന് റുക്കൂഅ് ചെയ്തു.

ഈ ദൈവഭയം എത്രത്തോളമായിരുന്നു. – തന്റെ ജനതയെക്കുറിച്ചുള്ള ചിന്തയും അതിനോടൊപ്പം തീർച്ചയായും ഉണ്ടായിട്ടുണ്ടാവണം, കാരണവും അവിടത്തെ മനസ്സ് അങ്ങേയറ്റം മൃദുവായിരുന്നു.– ഏതുപോലെ ഫിർഔനും അയാളുടെ ജനതയും നശിച്ചൊടുങ്ങിയൊ അതുപോലെ തന്റെ ജനതയും നശിച്ചൊടുങ്ങുമോ എന്നഭയമായിരുന്നു. അല്ലാഹു ഇക്കാര്യം ഉദാഹരിച്ചു പറഞ്ഞപ്പോൾ, വരുംകാലത്തും സത്യനിഷേധം കാരണത്താൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകുമെന്നുള്ള ദൃഢവിശ്വാസം നബിയ്ക്കുണ്ടായിരുന്നു. തന്റെ ജനതയും ഈ നിഷേധം കാരണത്താൽ നശിക്കുമോ എന്ന ചിന്തയായിരുന്നു നബി(സ)യ്ക്ക്.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഇബ്നുഅബ്ബാസ് (റ) പറഞ്ഞു: എന്നോട് ഹസ്റത്ത് ഉമ്മുൽ മുഅ്മിനീൻ ആയിശ(റ) പറഞ്ഞു: അവർ നബി(സ)യോട്

وَمَا قَدَرُوا اللَّهَ حَقَّ قَدْرِهِ وَالْأَرْضُ جَمِيعًا
قَبْضَتُهُ يَوْمَ الْقِيَامَةِ وَالسَّمَاوَاتُ مَطْوِيَّاتٌ بِيَمِينِهِ

അല്ലാഹുവിനെ ബഹുമാനിക്കേണ്ട മുറപ്രകാരം അവർ ബഹുമാനിച്ചില്ല, പുനരുത്ഥാനനാളിൽ ഭൂമി മുഴുവനും അവന്റെ കൈപ്പിടിയിൽ അമർന്നിരിക്കും. ആകാശങ്ങൾ അവന്റെ വലതുകൈയിൽ ചുരുളുകളായി ഒതുങ്ങിയിരിക്കും. അവൻ പരിശുദ്ധനാണ്. (39:68) എന്ന വചനത്തെ സംബന്ധിച്ച് ചോദിച്ചു. അപ്പോൾ നബി(സ)പറഞ്ഞു: അല്ലാഹു പറയുന്നു: ഞാൻ ജബ്ബാർ (സർവരേയും അടക്കിഭരിക്കുന്നവൻ) ആണ്. ഞാൻ ഇന്നതാണ്, ഇന്നതാണ്. അല്ലാഹു തന്റെ മഹത്വം വിവരിക്കുന്നു. നിവേദകൻ പറയുന്നു: നബി(സ) അത്യധികം വികാരാവേശത്തോടെയാണ് ഇതു പറഞ്ഞത്, ഇതു പറയുമ്പോൾ മിമ്പർ ശക്തമായി കുലുങ്ങുകയും അത് നബിയുമായി മറിഞ്ഞുവീഴുമോ എന്ന് ഞങ്ങൾ ശങ്കിക്കുകയും ചെയ്തു.

അല്ലാഹുവിന്റെ വലുപ്പത്തം വിവരിക്കുമ്പോൾ, നബി(സ)യുടെ വികാരാവേശം അസാധാരണമായിത്തീരുമായിരുന്നു. എന്തുകൊണ്ടെന്നാൽ, നബി(സ) മാത്രമായിരുന്നു, അല്ലാഹുവിന്റെ പ്രതാപത്തേയും ശക്തിപ്രഭാവത്തേയുംകുറിച്ച് ശരിക്കും മനസ്സിലാക്കിയിരുന്നത്. അതിനെക്കുറിച്ച് യഥാർത്ഥമായ അറിവുണ്ടായിരുന്നത്. അതിന്റെ ആഴത്തിൽ ചെന്നെത്താൻ നബിയ്ക്കു കഴിഞ്ഞിരുന്നു. അല്ലാഹുവിന്റെ അസ്തിത്വം ഏറ്റവുമധികം വെളിപ്പെട്ടത് നബി(സ)ന്റെ മുമ്പിലായിരുന്നു. അല്ലാഹുവിന്റെ ശക്തിയും കഴിവും എന്തെന്തൊക്കെയാണെന്ന് നബി(സ) അറിഞ്ഞിരുന്നു. അല്ലാഹുവിന്റെ കാരുണ്യമില്ലായിരുന്നെങ്കിൽ, ധിക്കാരികളും കുഴപ്പക്കാരും സത്യനിഷേധികളുമായിട്ടുള്ളവരെ കീടത്തെ ചവുട്ടിമെതിക്കുന്നതുപോലെ മെതിക്കുമായിരുന്നുവെന്ന് നബി(സ) പറഞ്ഞു.

വിശുദ്ധഖുർആനിറങ്ങിയപ്പോൾ, ഏറ്റവുമധികം എളുപ്പത്തിൽ നബിക്കത് ഓതാൻ കഴിഞ്ഞിരുന്നു. ഒഴുക്കോടെയുള്ള ആ പാരായണത്തിനോടൊപ്പം അതിലെ ഉള്ളടക്കങ്ങളും അവിടന്ന് മനസ്സിലാക്കിയിരുന്നു. എന്നിട്ടും എങ്ങനെയായിരുന്നു അവിടന്ന് വിശുദ്ധഖുർആൻ ഓതിയത്. ഹസ്റത്ത് ഖതാദ(റ) ഇതു സംബന്ധമായി പറയുന്നു: ഞാൻ അനസ്

(റ)നോട് നബി(സ)ന്റെ ഖുർആൻ പാരായണത്തെ സംബന്ധിച്ച് ചോദിച്ചു. അപ്പോൾ അവിടന്ന് പറഞ്ഞു: നബി(സ) നിറുത്തി നിറുത്തിയാണ് വിശുദ്ധഖുർആൻ പാരായണം ചെയ്തത്.

എങ്ങനെയാണ് വിശുദ്ധഖുർആൻ പാരായണം ചെയ്തത് എന്നതിനെ സംബന്ധിച്ച് വേറെയും നിവേദനങ്ങളുണ്ട്. ഇതു സംബന്ധിച്ച് വിവരണം ചെയ്തിട്ടുള്ളവർ അവരവരുടെ രീതിയിൽ വിവരിച്ചിരിക്കുന്നു. ഇതിൽ നിന്ന് അവിടത്തെ ഖുർആൻ പാരായണത്തിന്റെ മനോഹാരിത കൂടുതൽ സ്പഷ്ടമാകുന്നുണ്ട്.

യഅ്ലബിൻ മംലക്ക് നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ ഹസ്റത്ത് ഉമ്മുസൽമ(റ)യോടു നബി(സ)യുടെ ഖുർആൻ പാരായണത്തിന്റെ രീതിയെക്കുറിച്ച് ചോദിച്ചു. അവർ പറഞ്ഞു: നബി(സ)യുടെ ഖുർആൻ പാരായണം **ഖിറാഅത്തെ മുബസ്സിറയായിരുന്നു**. അതായത്, ഓരോ അക്ഷരവും കേൾക്കുന്നവർക്ക് വ്യക്തമായും മനസ്സിലാകുമായിരുന്നു.

ഹസ്റത്ത് ഉമ്മുസൽമ(റ) നിവേദനം ചെയ്യുന്നു: റസൂലുല്ലാഹി (സ) വിശുദ്ധഖുർആൻ നിറുത്തിനിറുത്തിയായിരുന്നു പാരായണം ചെയ്തിരുന്നത്. അവിടന്ന് **അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ** ഓതി അല്പം മൗനം പാലിക്കും. പിന്നീട് **അർറഹ്മാനിർറഹീം** ഓതും. പിന്നീട് അല്പം നിശബ്ദനായി നില്ക്കും. അല്ലാഹുവിന്റെ കലാമിലെ ഓരോ പദത്തിലും അവിടന്ന് ചിന്തിക്കും. അതുകൊണ്ടാണ് നിറുത്തി നിറുത്തി ചിന്തിച്ച് ചിന്തിച്ച് അവിടന്ന് പാരായണം ചെയ്തിരുന്നത്.

ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി(സ) രാത്രിയിൽ ചിലപ്പോൾ ഉറക്കെയും ചിലപ്പോൾ പതുക്കെയും വിശുദ്ധഖുർആൻ പാരായണം ചെയ്യുമായിരുന്നു. അല്ലാഹുവിന്റെ കല്പനയ്ക്കുള്ളിൽ ഒതുങ്ങിയതായിരുന്നു ഈ ഉറക്കെയും പതുക്കെയുമുള്ള ഖുർആൻ പാരായണം.

അല്ലാഹു അവിടത്തെ ഖുർആൻ പാരായണം എങ്ങനെയായിരുന്നു കണ്ടിരുന്നതെന്ന് മറ്റൊരു നിവേദനത്തിൽ നിന്ന് മനസ്സിലാകുന്നുണ്ട്. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: നല്ല ശബ്ദത്തോടെ ഖുർആൻ ഈണത്തിൽ ഓതുന്ന നബിയുടെ വാക്കുകൾ ശ്രദ്ധിക്കുന്നത്ര മറ്റൊന്നും അല്ലാഹു ശ്രദ്ധിക്കുകയില്ല.

ആദ്യത്തെക്കാൾ കൂടുതൽ അല്ലാഹുവിന്റെ ദൃഷ്ടി, നബി(സ) ഖുർആൻ പാരായണം ചെയ്യുമ്പോൾ നബിയുടെ മേൽ പതിക്കുന്നു. എന്റെ പ്രിയപ്പെട്ട ദാസൻ എത്രമാത്രം ഭയത്തോടും സ്നേഹത്തോടും, പൂർണ്ണമായും അതിൽ ലയിച്ചുകൊണ്ടുമാണ് ഖുർആൻ പാരായണം ചെയ്യുന്നത്.

ഹസ്റത്ത് ഹുദയ്ഫാ (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം നബി(സ)യോടൊപ്പം നമസ്കരിച്ചു. റുക്കൂഅ് ചെയ്തപ്പോൾ അവിടന്ന് **സുബ്ഹാന റബ്ബിയൽ അളീം** എന്ന് ചൊല്ലി. സുജൂദ് ചെയ്തപ്പോൾ **സുബ്ഹാന റബ്ബിയൽ അഅ്ലാ** എന്നുചൊല്ലി. കാരുണ്യത്തെക്കുറിച്ച് പറയുന്ന വചനമെത്തുമ്പോൾ അവിടന്ന് അവിടെ നിറുത്തുകയും അല്ലാഹുവിനോട് കാരുണ്യം തേടുകയും ചെയ്തു. ശിക്ഷയെക്കുറിച്ച് പറയുന്ന വചനമെത്തുമ്പോയാൽ അവിടെ പാരായണം നിറുത്തുകയും അല്ലാഹുവിനോട് അഭയം തേടുകയും ചെയ്തു.

ചില നിവേദനങ്ങളിൽ വന്നിട്ടുണ്ട്. കാരുണ്യവും അഭയവും തേടുമ്പോൾ ചിലഘട്ടങ്ങളിൽ കരഞ്ഞ് കരഞ്ഞ് അവിടത്തെ ഏങ്ങൽ നിലച്ചുപോകുമായിരുന്നു. നബി(സ)യിലുണ്ടായിരുന്ന ദൈവഭയവും സ്നേഹവും ബന്ധവും നമുക്ക് ഭാവനയിൽ പോലും കാണാനൊക്കുകയില്ല.

ഹസ്റത്ത് ഇബ്നുഅബ്ബാസ് (റ) നിവേദനം ചെയ്യുന്നു. ഹസ്റത്ത് അബൂബക്കർ(റ) പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അങ്ങയിൽ വാർധക്യത്തിന്റെ ലക്ഷണം കണ്ടുതുടങ്ങിയിരിക്കുന്നു. അതു കേട്ടപ്പോൾ നബി(സ) പറഞ്ഞു: എന്നെ, സൂറഹൂദും സൂറവാഖിഅയും സൂറമുർസലാത്തും അമ്മയത്തസാഅലൂനും വഇദശ്ശംസുഖുവ്വിറത്തും, സൂറതക്വീറും വൃദ്ധനാക്കിക്കളഞ്ഞു.

സൂറഹൂദിൽ, പ്രവാചകന്മാരെ നിഷേധിച്ച കാരണത്താൽ നശിപ്പിക്കപ്പെട്ട ജനതയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അവിടന്ന് റഹ്മത്തുല്ലിൽ ആലമീനായിരുന്നു. അവിടത്തെ മനസ്സ് ഈ ചർച്ചയുണ്ടാകുമ്പോൾ അസ്വസ്ഥമാകുമായിരുന്നു. ഇപ്പോഴും, നിഷേധിക്കുന്ന കാരണത്താൽ ജനതകൾക്ക് ശിക്ഷ ഇറങ്ങുമോ എന്ന് ഭയപ്പെട്ടിരുന്നു. മുമ്പേ വന്ന പ്രവാചകന്മാർ അവരവരുടെ ജനതയ്ക്കുവേണ്ടിയാണ് വന്നിരുന്നത്. നബി(സ) മുഴുലോകത്തിനും വേണ്ടി നിയോഗിക്കപ്പെട്ട മഹാനാണ്. അതുകൊണ്ട്, നബി(സ)യ്ക്ക് തന്റെ കാലത്തുള്ള ജനതയെക്കുറിച്ചും, വരും തലമുറകളെക്കുറിച്ചും, ലോകത്തെ മുഴു ജനതകളെക്കുറിച്ചും അവർ ശിക്ഷയിൽ അകപ്പെട്ടു പോകുമോ എന്ന ചിന്തയുണ്ടായിരുന്നു. ഇക്കാരണത്താൽ അവിടന്ന് അല്ലാഹുവിന്റെ സന്നിധിയിൽ കരഞ്ഞു കരഞ്ഞു താണുകേണ് ദുആ ചെയ്ത് കാരുണ്യം തേടിക്കൊണ്ടിരുന്നു. ഈ സൂറത്തിലെ

فَاسْتَقِمْ كَمَا أُمِرْتَ وَمَنْ تَابَ مَعَكَ وَلَا تَطْغَوْا
إِنَّهُ بِمَا تَعْمَلُونَ بَصِيرٌ

അതുകൊണ്ട് നീയും നിന്നോടൊപ്പം അല്ലാഹുവിലേക്ക് തിരിഞ്ഞവരും, നിന്നോട് ശാസിക്കപ്പെട്ടപ്രകാരം ഉറച്ചു നില്ക്കുക. നിങ്ങൾ പരിധിലംഘിക്കരുത്. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നത് അവൻ നല്ലപോലെ കാണുന്നവനാകുന്നു. (11:113) എന്ന വചനം നബി(സ)യിൽ വലിയ ചുമതലയാണിട്ടത്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) ഇതു സംബന്ധമായിപറയുന്നു.

റസൂലുല്ലാഹി(സ)നെ നോക്കുക. കേവലം ഫസ്തഖീം കമാ ഉമിർത്ത എന്ന ഒരു കല്പന നബി(സ) യെവൃദ്ധനാക്കികളഞ്ഞു. മരണത്തെക്കുറിച്ച് എത്രമാത്രം വലിയ ബോധമാണ്. എന്തുകൊണ്ടാണ് നബി(സ) ക്ക് ഈ അവസ്ഥഉണ്ടായത്. നമ്മൾ അതിൽനിന്ന് പാഠം ഉൾക്കൊള്ളുന്നതിനുവേണ്ടി മാത്രാമാണത്. അല്ലെങ്കിൽ റസൂലുല്ലാഹി(സ)യുടെ പരിശുദ്ധവും പരിപാവനവുമായ ജീവിതത്തിന് ഇതിനെക്കാളുപരി മറ്റെന്തുതെളിവാണ്വേണ്ടത്. അതായത് അല്ലാഹു തആല നബി(സ) യെ സമ്പൂർണ്ണമാർഗ്ഗ ദർശിയും ഖിയാമത്തുനാൾവരെയുള്ള എല്ലാവർക്കുവേണ്ടിയും നിശ്ചയിച്ചു. അവിടത്തെ ജീവിതത്തിന്റെ എല്ലാ സംഭവങ്ങളും പ്രായോഗികമായ വചനങ്ങളുടെ സമാഹാരമാണ്.

നബി(സ) യുടെ ജീവിതം തന്നെ പരിശുദ്ധമായിരുന്നു. മറ്റുള്ളവർക്കും താൻ നേടിയ ഈ നിലവാരം കരസ്ഥമാക്കാനൊക്കുമോ എന്ന ചിന്തയാലാണ് അവിടന്ന് വൃദ്ധനായിപ്പോയത്. അവർക്കും അവരുടെ കഴിവിന്നനുസരിച്ച് അല്ലാഹുവിന്റെ കല്പന നിറവേറ്റാൻ കഴിയുമോ ഇല്ലേ? മറ്റുള്ളവരും അല്ലാഹുവിന്റെ കല്പനയനുസരിച്ച് അല്ലാഹു കല്പിച്ചിട്ടുള്ള നൻമകളിൽ നിലകൊള്ളുമോ ഇല്ലേ? പിൻമാറാൻ പറഞ്ഞ തിൻമകളിൽ നിന്ന് പിൻമാറാൻ സാധിക്കുമോ ഇല്ലേ? ഈ ചിന്തയിൽ നബി(സ) ഒരു വല്ലാത്തഅവസ്ഥയിലായിപ്പോയി. ഇപ്രകാരം തന്നെ മറ്റുസൂറത്തുകളിൽ വന്നിട്ടുള്ള വിഷയങ്ങളിലും അല്ലാഹുവിന്റെ വലിപ്പത്തവും, അവസാനകാലത്തെക്കുറിച്ചുള്ള വാർത്തകളും, ജനങ്ങളുടെ അവസ്ഥകളും പിൻമാറാത്തകാരണത്താൽ വരുന്ന നാശങ്ങളും, അവരുടെ കളവുകളുമെല്ലാം പ്രതിപാദിച്ചിട്ടുണ്ട്. നബി(സ) ന് തീർച്ചയായും അല്ലാഹു തആല ഭാവികാലവും കാണിച്ചുകൊടുത്തിരുന്നു. അവിടന്ന് ഓരോരുത്തർക്കും കാരുണ്യമായിരുന്നു. അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിച്ചില്ലെങ്കിൽ ലോകത്തിനും തന്റെ ഉമ്മത്തിനും ഉണ്ടാകാൻ പോകുന്ന അവസ്ഥയോർത്ത് അവിടന്ന് അസ്വസ്ഥനാകുമായിരുന്നു. മനുഷ്യകുലത്തിന് ഉപകാരിയായ ഇത്തരം ഒരാളെ ആരെങ്കിലും കണ്ടിട്ടുണ്ടോ? ഖുർആന്റെ പാഠങ്ങൾ ആഴത്തിൽ പഠിച്ചകാരണത്താൽ നൂറ്റാണ്ടുകൾക്കപ്പുറം വരാൻ പോകുന്ന കാര്യങ്ങളോർത്ത് നബി(സ)അസ്വസ്ഥനാകുന്നു. തന്നെക്കുറിച്ചല്ലചിന്തയെന്ന് അവിടന്ന് പറയുന്നു. അല്ലാഹുവിനോട് നന്ദികേട് കാണിച്ച കാരണത്താൽ ലോകത്തുണ്ടായി കൊണ്ടിരിക്കുന്നതും ഉണ്ടാകാൻ പോകുന്നതുമായ കാര്യങ്ങളാണ് എന്നെ വൃദ്ധനാക്കികളഞ്ഞതെന്ന് അവിടന്ന് പറയുന്നു. ലോകരെന്തുകൊണ്ട് തങ്ങളെ സൃഷ്ടിച്ച അല്ലാഹുവിലേക്ക് മടങ്ങുന്നില്ല എന്നോർത്താണ് ഞാൻ വൃദ്ധനായത്.

അവിടന്ന് മുടങ്ങതെ പാരയണം ചെയ്തിരുന്ന മറ്റനവധി സൂറത്തുകളുമുണ്ട്. അതിൽ ജനതകളുടെ നാശത്തെക്കുറിച്ചും ശിർക്ക് പരക്കുന്നതിനെക്കുറിച്ചും സത്യത്തിൽ നിന്ന് പിന്നാക്കം പോകുന്നതിനെക്കുറിച്ചും ഖിയാമത്തുവരുന്നതിനെക്കുറിച്ചുമെല്ലാം പ്രതിപാദിച്ചിട്ടുണ്ട്. അല്ലാഹുവിന് തസ്ബീഹ് ചെയ്യേണ്ടതിനെക്കുറിച്ചും തൗഹീദിനെക്കുറിച്ചും നൻമയിൽ നിലകൊള്ളേണ്ടതിനെക്കുറിച്ചും തിൻമയിൽ നിന്നും രക്ഷപ്പെടേണ്ടതിനെക്കുറിച്ചും നബി(സ)യുടെ സ്ഥാനത്തെക്കുറിച്ചും, അവസാനകാലത്ത് വരുന്നവരെക്കുറിച്ചും ത്യഗങ്ങളെക്കുറിച്ചും -അതിൽ ജീവത്യഗവും സാമ്പത്തിക ത്യഗവുമുണ്ട്- പ്രതിപാദിക്കുന്ന സൂറത്തുകളുണ്ട്. ഉപദേശിക്കുക ഉപദേശം മാത്രമാണ് നിന്റെ ജോലി എന്നുപറഞ്ഞ വചനവുമുണ്ട്. ഈ സൂറത്തുകളെല്ലാം അവിടന്ന് മിക്കപ്പോഴും പാരായണം ചെയ്യുമായിരുന്നു. നിത്യവും ഓതാറുണ്ടായിരുന്നെന്ന് ചില നിവേദനങ്ങളിൽ വന്നിട്ടുണ്ട്.

ഇതെല്ലാം ആദ്യം പറഞ്ഞ നിവേദനങ്ങളിൽ നാം കണ്ടുവന്നതാണ്. ശിക്ഷയെക്കുറിച്ചുള്ള വചനമോതുമ്പോൾ അവിടന്ന് ഭയന്ന് വിറക്കുമായിരുന്നു. ദൈവഭയം അതിജയിക്കുമായിരുന്നു. അപ്പോൾ അത്തരം അവസ്ഥയിൽ തന്റെ ഉമ്മത്തിനുവേണ്ടി നബി(സ) തീർച്ചയായും ദുആ ചെയ്തിട്ടുണ്ടാകും. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന വചനങ്ങൾ ഓതുമ്പോൾ അല്ലാഹുവിനെ സ്തുതിക്കുമായിരുന്നു. ചുരുക്കത്തിൽ നബി(സ) അത്ഭുതകരമായ ഒരു രീതിയിലായിരുന്നു വിശുദ്ധഖുർആൻ പരായണം ചെയ്തിരുന്നത്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അബ്ദുല്ലാഹ് ബിൻ മുഗ്ഫൽ(റ) നിവേദനം ചെയ്യുന്നു. മക്കവിജയത്തിന്റെ നാളിൽ ഞാൻ നബി(സ) ഒരു ഒട്ടകത്തിന്റെ മീതെ സൂറ ഫതഹ് പാരായണം ചെയ്യുന്നതായി കണ്ടു. അവിടന്ന് ഓരോവചനവും ആവർത്തിച്ചാവർത്തിച്ച് ഓതിയിരുന്നു. അപ്പോൾ അവിടത്തെ വികാരങ്ങൾ അല്ലാഹുവിന്റെ സ്തുതിയാൽ നിറഞ്ഞു കവിഞ്ഞിരുന്നു. അവനോടുള്ള നന്ദിയാൽ നിർഭരമായിരുന്നു. അവിടത്തെനെറ്റിത്തടം അല്ലാഹുവിന്റെ സന്നിധിയിൽ പ്രണമിക്കുമായിരുന്നു. ഇരിപ്പിടത്തിന്റെ മുൻഭാഗത്ത് അവിടന്ന് നെറ്റിത്തടം മുട്ടിച്ചിരുന്നുവെന്ന് നിവേദനത്തിൽ വന്നിരിക്കുന്നു. കാരണം നബി(സ) ആ വിജയത്തോടൊപ്പം ഭാവിയിൽ ഉണ്ടാകാൻപോകുന്ന വിജയങ്ങളുടെ അടയാളങ്ങളും ദർശിച്ചിരുന്നു. അതുകൊണ്ട് അല്ലാഹുവിനെസ്തുതിക്കുകയും നന്ദി കാണിക്കുകയുംചെയ്യുക എന്ന വികാരം കൂടുതൽ പ്രകടമായി.

ഉറങ്ങുമ്പോഴും, തന്നെ അല്ലാഹുവിന്റെ

അഭയത്തിലാക്കിക്കൊണ്ടായിരുന്നു അവിടന്ന് ഉറങ്ങിയിരുന്നത്.

ഉമ്മുൽ മുഅ്മനീൻ ഹസ്റത്ത് ആയിശാ(റ) നിവേദനം ചെയ്യുന്നു. നബി(സ) ഓരോ രാത്രിയും തന്റെ കിടക്കയിലേക്ക് പോകുമ്പോൾ രണ്ടുകൈയ്യുടേയും ഉള്ളംകൈ മലർത്തിപ്പിടിക്കുകയും അതിൽ ഊതുകയും ചെയ്യുമായിരുന്നു. ഖുൽഹുവല്ലാഹു അഹദ്, ഖുൽ അഊദ് ബിറബ്ബിൽ ഫലഖ്, ഖുൽ അഊദ് ബിറബിന്നാസ് ചൊല്ലുമായിരുന്നു. പിന്നീട് സാധിക്കുന്നേടത്തോളം തന്റെ ശരീരത്തിൽ തടകുമായിരുന്നു. തലയും മുഖവും ശരീരത്തിന്റെ മുൻ ഭാഗവും തടവുമായിരുന്നു. മൂന്നുപ്രാവശ്യം അങ്ങനെ ചെയ്തിരുന്നു. അല്ലാഹുവിന്റെ അഭയത്തിൽ വരുന്നതിനുള്ള ഒരു പരിചപോലെ അവിടന്ന് ഇങ്ങനെ ചെയ്യുമായിരുന്നു. അവിടത്തെഉറക്കവും ഉണർന്നിരിക്കുന്നതു പോലെതന്നെയായിരുന്നുവെന്ന് ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്.

പലരും ഉണർന്നിരുന്നുകൊണ്ട് ഉറങ്ങുന്നവരാണ്. എന്നാൽ, നബി(സ) തിരുമേനി ഉറങ്ങുമ്പോഴും തുടർച്ചയായി ദുആയിൽ മുഴുകി.

വിശുദ്ധഖുർആൻ അറിയുന്നവരേയും അത് ഹൃദിസ്തമാക്കുന്നവരേയും നബി(സ) അങ്ങേയറ്റം ആദരിച്ചിരുന്നു. അവർ അല്ലാഹുവിന്റെ കലാമിനെ തങ്ങളുടെ മനസ്സിലും ബുദ്ധിയിലും കുടിയിരുത്തിയിരിക്കുകയാണ്. ഉഹ്ദ്‌യുദ്ധത്തിൽ ഒരുപാടാളുകൾ ശഹീദായി. അവരിൽ ഖുർആൻ അറിയുന്നവരും അതിലെ അറിവുകൾ സമ്പാദിച്ചവരും ഒരുപാട് ഹാഫിളുമാരുമുണ്ടായിരുന്നു. അവരുടെ ഖബറടക്കത്തെ സംബന്ധിച്ചകാര്യങ്ങൾ വന്നപ്പോൾ നബി(സ) അവരെ ഖബറടക്കുന്നതിന് ഒരു നിയമം വെച്ചു. അതിനെക്കുറിച്ച് നിവേദനത്തിൽ ഇങ്ങനെ വന്നിരിക്കുന്നു. ഉഹ്ദ്‌യുദ്ധാവസരത്തിൽ ശഹീദായവർക്കുവേണ്ടി പ്രത്യേകം പ്രത്യകം ഖബർ കുഴിക്കുന്നതിനെക്കുറച്ചുള്ള പ്രയാസം സഹാബത്തുപറഞ്ഞു. ഒരുപാടാളുകൾക്ക് പരിക്കുപറ്റിയിരുന്നു. ഒരുപാടാളുകൾ ശഹീദായിരുന്നു. ഇത്തരം സാഹചര്യത്തിൽ പ്രത്യേകം പ്രത്യേകം ഖബർകുഴിക്കുക എന്നത് ഏറെ ദുഷ്കരമായിരുന്നു. നബി(സ) പറഞ്ഞു. ഖബർ വലുതാക്കി കുഴിക്കുക. അത് മനോഹരമാക്കി തയ്യാറാക്കുക. ഒരു ഖബറിൽ ഈരണ്ട് മുമ്മൂന്ന് ശുഹദാക്കളെ അടക്കുക. അവരിൽ ഖുർആൻ കൂടുതൽ അറിയുന്നവർക്ക് മുൻഗണന നൽകുക. എല്ലാവരും ശഹീദാണ്. പക്ഷെ, അവരിൽ ഖുർആൻ കൂടുതൽ അറിയുന്നവരെ പ്രത്യേകം ആദരിച്ചിരുന്നു.

വിശുദ്ധഖുർആനോട് നബി(സ) യ്ക്ക് അതീവ സ്നേഹവും ഇഷ്ടവുമായിരുന്നു. അതിന്റെ ഉന്നതമായ നലവാരത്തിന് കിടപിടിക്കുക അസാധ്യവുമാണ്. ആ നിലവാരം കരസ്ഥമാക്കുന്നതിന് കഴിവിന്റെ പരമാവധി ഓരരോരുത്തരും ശ്രമിക്കേണ്ടതാണ്. കാരണം നബി(സ) ന് വിശുദ്ധഖുർആൻ മനോഹരമായി പാരായണം ചെയ്യുകയും നല്ലരീതിയിൽ ഹൃദിസ്തമാക്കുകയും ചെയ്യുന്ന ഓരോരുത്തരോടും ഇഷ്ടമായിരുന്നു. വിശുദ്ധഖുർആൻ പാരയണം ചെയ്യാനും ഹൃദിസ്തമാക്കാനും താൽപര്യം ഉണ്ടാക്കുന്നതിനായി സഹാബത്തിനെക്കൊണ്ട് നബി(സ) ഖുർആൻ ഓതിക്കുമായിരുന്നു.

ഹസ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. എന്നെ ഖുർആൻ ഓതിക്കേൾപ്പിക്കുക എന്ന് നബി(സ) എന്നോട് പറഞ്ഞു. നിവേദകൻ പറയുന്നു. ഞാൻ ചോദിച്ചു. അല്ലാഹുവിന്റെ റസൂലെ ഞാനോതിക്കേൾപ്പിക്കണോ? വാസ്തവത്തിൽ അങ്ങയ്ക്കാണ് ഖുർആൻ ഇറക്കപ്പെട്ടത്. നബി(സ) എന്റെ മറുപടികേട്ടുകൊണ്ട് പറഞ്ഞു: മറ്റുള്ളവരിൽ നിന്ന് ഖുർആൻ കേൾക്കുന്നതും ഞാനിഷ്ടപ്പെടുന്നു. അബ്ദുല്ലാഹ്(റ) പറയുന്നു. ഞാൻ സൂറാ നിസാഅ് ഓതാൻ തുടങ്ങി.

فَكَيْفَ إِذَا جِئْنَا مِن كُلِّ أُمَّةٍ بِشَهِيدٍ وَجِئْنَا بِكَ
عَلَىٰ هَٰؤُلَاءِ شَهِيدًا ۝

ഈ വചനത്തിലെത്തിയപ്പോൾ നബി(സ) നിറുത്തുവാൻ പറഞ്ഞു. ഹസ്റത്ത് അബ്ദുല്ലാഹ്(റ) പറയുന്നു: ഞാൻ നബി(സ)യെ നോക്കി. കണ്ണിൽ നിന്ന് കണ്ണീർ ധാരധാരയായി ഒഴുകുന്നതുകണ്ടു. ഈ വചനത്തിന്റെ തർജമ ഇങ്ങനെയാണ്. എന്നാൽ നാം ഓരോസമുദായത്തിൽ നിന്നും ഓരോ സാക്ഷിയെ കൊണ്ടുവരികയും ഇവർക്കുസാക്ഷിയായി നാം നിന്നെകൊണ്ടുവരികയും ചെയ്യുമ്പോൾ എന്തായിരിക്കും സ്ഥിതി?

ഈ വചനം കേട്ടപ്പോൾ നബി(സ)യ്ക്ക് ദൈവഭയമുണ്ടായി. എന്റെ ഈ സാക്ഷ്യം കാരണത്താൽ-അതു സത്യ സാക്ഷ്യമായിരിക്കും എന്ന് വ്യക്തമാണ്-എന്റെ സമുദയത്തിലെ ആർക്കും ശിക്ഷ കിട്ടരുത്. തനിക്ക് വലിയ സ്ഥാനം കിട്ടി എന്നനിലയിൽ നബി(സ) യ്ക്ക് പൊങ്ങച്ചമൊന്നുമുണ്ടായിരുന്നില്ല. മറിച്ച് ആശങ്കയായിരുന്നു. ഈ ആശങ്കകാരണത്താൽ, തന്റെ ഉമ്മത്തിൽ ഖുർആൻ പഠിക്കുന്നവരും ഹൃദിസ്തമാക്കുന്നവരും ഉണ്ടാകണമെന്ന് അവിടന്ന് ആഗ്രഹിച്ചു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) പറഞ്ഞു: ഖുർആനിൽ വിശ്വസിക്കുന്നവരേ! ഖുർആനെ നിങ്ങൾ ഓതുക രാവും പകലും ഇതിനെ ശരിയായ നിലയിൽ പാരായണം ചെയ്യുക. അത് പഠിക്കുന്നതും പഠിപ്പിക്കുന്നതും പതിവാക്കുക. അതിലെ വാക്കുകൾ ശരിയായ നിലയിൽ ഉച്ചരിക്കുക. എന്തൊന്നാണൊ ഖുർആനിൽ വിവരിക്കപ്പെട്ടിട്ടുള്ളത്, സൻമാർഗം കരസ്ഥമാക്കുക എന്ന ഉദ്ദേശത്തോടെ അതിൽ ചിന്തിക്കുകയും ആലോചിക്കുകയും ചെയ്യുക. നിങ്ങൾ വിജയിക്കുന്നതിനുവേണ്ടി. ഇതുകാരണത്താൽ ഭൗതീക നേട്ടങ്ങൾ ആഗ്രഹിക്കരുത്. അല്ലാഹുവിന്റെ സംതൃപ്തിക്കായി ഇതു പാരായണം ചെയ്യുക.

അതായത് വെറുതെ പാരായണം ചെയ്യലല്ല. പാരായണം ചെയ്യുകയും ഒപ്പം അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും വേണം അതിന്റെ വാക്കുകളിലും അർത്ഥങ്ങളിലും ചിന്തിക്കണം. അത് പാരായണം ചെയ്യുന്നത് സൻമാർഗ പ്രാപ്തിക്കു വേണ്ടിയായിരിക്കണം. ചിലയാളുകൾ ഇന്നുചെയ്യുന്നതുപോലെ അത് വ്യക്തിപരമായ നേട്ടങ്ങൾക്കു വേണ്ടിയാകരുത്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഉബയ്ദ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: ഖുർആനിന്റെ അഹ്‌ലുകാരെ! ഖുർആൻ ഓതാതെ നിങ്ങൾ ഉറങ്ങരുത്. രാവും പകലും അത് പാരയണം ചെയ്യേണ്ട മുറപ്രകാരം പാരായണം ചെയ്യുക. അതിനെ വ്യാപിപ്പിക്കുക. ഈണത്തിൽ അത് പാരായണം ചെയ്യുക. അതിലെ വിഷയങ്ങളിൽ ചിന്തിക്കുക; നിങ്ങൾ വിജയിക്കുന്നതിനുവേണ്ടി. പിന്നീട് നബി(സ) പറഞ്ഞു. ആരാണോ ഖുർആൻ പഠിക്കുന്നത്, അത് ഹൃദിസ്തമാക്കുന്നത് അവൻ പുണ്യാത്മാക്കളുടെയും സർവാദരണീയരുടെയും ഒന്നിച്ചായിരിക്കും. വിശുദ്ധഖുർആൻ ഓതുകയും അതിലെ അധ്യാപനങ്ങൾക്കനുസരിച്ച് വിട്ടുവിഴ്ചയില്ലാതെ പ്രവർത്തിക്കുകയും ചെയ്യുന്നവന് രണ്ട് പ്രതിഫലം ഉണ്ടായിരിക്കും.

കൂടുതൽ പ്രതിഫലം ഖുർആനിന്റെ അദ്ധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതു കൊണ്ടാണ് ലഭിക്കുന്നത്. ഉള്ളടക്കം മനസ്സിലാക്കുമ്പോഴാണ് കർമ്മങ്ങളുണ്ടാകുന്നത്. ഖുർആൻ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യുക എന്ന് നബി(സ) ആവർത്തിച്ചാവർത്തിച്ച് പറയുമായിരുന്നു. അല്ലാതെ വിശുദ്ധഖുർആനെ വെറുതെ കെട്ടിപൊതിഞ്ഞ് വീട്ടിൽ ഭദ്രമാക്കിവെക്കരുത്. വായിക്കുകയും പ്രവർത്തിക്കാതിരിക്കുകയും ചെയ്യുക എന്നത് ശരിയല്ല. കർമ്മങ്ങൾ കൊണ്ടാണ് സ്ഥാനങ്ങൾ ഉയരുന്നത്.

അവിടന്ന്(സ) പറയുന്നു. ഉറക്കെ ഖുർആൻ പാരയണം ചെയ്യുന്നത്, ജനങ്ങളുടെ മുമ്പിൽവച്ച് ധാനധർമങ്ങൾ കൊടുക്കുന്നതുപോലെയാണ്. പതുക്കെ ഖുർആൻ ഓതുന്നവർ രഹസ്യമായി ദാനധർമ്മം നടത്തുന്നവരെപ്പോലെയാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) പറഞ്ഞു. ആരാണോ ഖുർആൻ പാരായണം ചെയ്യുകയും അതിന്നനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തത് ഖിയാമത്തുനാൾ അവന്റെ മാതാപിതാക്കൾക്ക് രണ്ടുകിരീടം അണിയിക്കുന്നതാണ്. അതിന്റെ പ്രകാശം സൂര്യപ്രകാശത്തേക്കാൾ അധികമായിരിക്കും. അവരാണെങ്കിൽ അവന്റെ ദുൻയാവിലെ വീട്ടിലായിരുന്നു. മാതാപിതാക്കൾക്ക് ഇതാണ് പദവിയെങ്കിൽ ഖുർആൻ അനുസരിച്ച് പ്രവർത്തിച്ച അവന്റെ ദർജ എന്തായിരിക്കും? ഈ ഗ്രന്ഥത്തെ തന്റെ ഉമ്മത്ത് എപ്പോഴും പഠിച്ചുകൊണ്ടിരിക്കണമെന്നും അതനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കണമെന്നും അവിടന്ന് അതിയായി ആഗ്രഹിച്ചിരുന്നു. തീർച്ചയായും ഇതിനു വേണ്ടി അവിടന്ന്(സ) ദുആയും ചെയ്തിരുന്നു. ദർജകളെക്കുറിച്ചും അറിയിച്ചുകൊടുത്തത് അല്ലാഹു തന്നെയായിരിക്കും. അവനിൽ നിന്ന് അറിവ് നേടിക്കൊണ്ടാണ് നബി(സ) ഇതുപറഞ്ഞത്.

നബി(സ)യുടെ ഹൃദയംഗമമായ ഈ ആഗ്രഹം മനസ്സിലാക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് തരുമാറാകട്ടെ. ഒരുപാടുദാഹരണങ്ങൾ വേറെയുമുണ്ട്. അതിലെല്ലാം ഖുർആൻ പഠിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും അവിടന്ന് ഉപദേശിച്ചിരിക്കുന്നു. മഹത്തായ ധാർമ്മികഗുണങ്ങൾ ലോകത്ത് സ്ഥാപിക്കുന്നതിനുവേണ്ടി. വിശുദ്ധഖുർആനിന്റെ അദ്ധ്യാപനം മുഴുലോകത്തും നടപ്പിൽ വരുത്തുന്നതിനുവേണ്ടി.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. വിശുദ്ധഖുർആൻ വഹ്‌യെ മത്‌ലൂആകുന്നു. ഇതിലെ ഓരോഭാഗവും ഒന്നിനുപുറമേ ഒന്നായി വരുന്നതും ഖണ്ഡിതവുമാണ്; അതിലെ പുള്ളിയുള്ള അക്ഷരങ്ങൾ വരെ. അല്ലാഹു അതിനെ പ്രബലവും പരിപൂർണ്ണവുമായ സംവിധാനത്തോടെ മലക്കുകളുടെ സംരക്ഷണത്തിൽ ഇറക്കിയിരിക്കുന്നു. പിന്നീട് നബി(സ) ഇതിൽ ഒരു വിട്ടുവീഴ്ചയും ചെയ്തിട്ടില്ല. പതിവായി അതനുസരിച്ച് പ്രവർത്തിച്ചു. അതിലെ ഓരോവചനവും അവിടത്തെകൺമുമ്പിൽ ഇറങ്ങുന്നതുപോലെ എഴുതപ്പെട്ടു: അങ്ങനെ അവിടന്ന് ഖുർആൻ മുഴുവനും സ്വരുക്കൂട്ടി. സ്വയം തന്നെ ഇതിലെ വചനങ്ങൾ ക്രമപ്രകാരം നിലനാട്ടി. അവിടന്ന് നമസ്കാരം തുടങ്ങിയവയിൽ ഇതു എപ്പോഴു പാരായണം ചെയ്തുകൊണ്ടിരുന്നു; അങ്ങനെ തന്നെ ഈ ലോകത്തുനിന്ന് വിടപറഞ്ഞ് തന്റെ **റഫീഖെ അഅ്‌ലാ** അഥവാ പരമോന്നതനായ സുഹൃത്തും സ്നേഹിതനുമായ റബ്ബുൽആലമിനെ ചെന്നുപ്രാപിച്ചു. അല്ലാഹുതആല നമുക്ക് ഖുർആൻ ശരീഫ് പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനും അതനുസരിച്ച് പ്രവർത്തിക്കുന്നതിനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**MOBILE : 98951 26027**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്

**JUMUA KHUTHBA**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on**
**04 - 03 - 2005**
**at**
**Baithul Futuh, London.**


**Fax no: Kozhikkod - 0495 2721609**
**Ahmadiyya Book Stall - 0495 5520733**
**AMEER SB. - 94479 48757**



Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**